# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നം ഇടാത്ത ചോദ്യം നമ്പർ. 2849 20.03.2015-ൽ മറുപടി പറയേണ്ടത്

കുഡ്ലു വില്ലേജിൽ റീ.സർവ്വേ നമ്പർ 107/162-ൽ സ്ഥിതിചെയ്യുന്ന മൂന്നര സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച്.

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ.അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | കാസർകോട് ജില്ലയിലെ കുഡ്ലു വില്ലേജിൽ റീ.സർവ്വേ നമ്പർ 107/162-ൽ സ്ഥിതി ചെയ്യുന്ന മൂന്നരസെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ; | ചോദ്യത്തിനാധാരമായ ഭൂമി റീസർവ്വേ നമ്പർ 107/162-ൽ പെട്ടതല്ല. പ്രസ്തുത ഭൂമി കാസർഗോഡ് താലൂക്കിലെ കുഡ്ലു വില്ലേജിൽ റീ.സർവ്വേ നമ്പർ 107/1 സി 2 -ൽപ്പെട്ട മൂന്നരസെന്റ് ആണ് എന്ന് മനസ്സിലാക്കുന്നു. ഈ ഭൂമി വാണിജ്യനികുതി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടിയുടെ ഭാഗമായി ജപ്തി ചെയ്ത് ലേലം ചെയ്തിരുന്നു. എന്നാൽ ലേലം സ്ഥിരപ്പെടുത്താത്തതിനാൽ ടി ഭൂമിയുടെ ഉടമസ്ഥാവകാശം നിലവിൽ സർക്കാരിനാണ്. |
| (ബി) | പ്രസ്തുത ഭൂമി ലേലത്തിൽ വിറ്റിരുന്നോ; എങ്കിൽ കാരണമെന്താണ്; എപ്പോൾ, ആർക്കാണ് ഇത് വിറ്റത്; എത്ര തുകയ്ക്കാണ് വിറ്റത്; വിശദാംശം വ്യക്തമാക്കാമോ; | വിറ്റിരുന്നു. വാണിജ്യ നികുതി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടിയുടെ ഭാഗമായിട്ടാണ് ഭൂമി ജപ്തി ചെയ്ത് ലേലം നടത്തി വിറ്റത്. 07.03.2013-ൽ ആയിഷത്ത ഫഹീദ W/o മുഹമ്മദ് ഹനീഫ്, കെ.കെ.പുറം ഹൗസ്, ചൌക്കി, കാസർഗോഡ് താലൂക്ക് എന്നവരാണ് 10,52,000/- (പത്ത് ലക്ഷത്തി അമ്പത്തി രണ്ടായിരം) രൂപയ്ക്ക് ലേലം കൊണ്ടത്. |
| (സി) | ഓക്ഷൻ പർച്ചെസർ മുഴുവൻ തുകയും സമയത്തിനുള്ളിൽ അടച്ചിരുന്നോ; എങ്കിൽ എപ്പോഴാണ് സെയിൽ സർട്ടിഫിക്കറ്റ് നൽകിയത്; ഇല്ലെങ്കിൽ നൽകാത്തതിന്റെ കാരണമെന്താണ്? | അടച്ചിരുന്നു. റവന്യൂ ഡിവിഷണൽ ആഫീസിൽ നിന്നും ലേലം സ്ഥിരപ്പെടുത്താത്തതിനാൽ സെയിൽ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. |

Sunitha

സെക്ഷൻ ഓഫീസർ